പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1234 — 02/03/2017-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

സ്കൂൾ/മദ്രസ്സ പ്രവൃത്തി സമയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂൾ/മദ്രസ്സ പ്രവൃത്തി സമയം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ബാലാവകാശ സംരക്ഷണ കമ്മീഷൻ നൽകിയി ട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകൾ പിൻതുടർന്നു വരുന്ന പൊതു അക്കാദമിക് കലണ്ടറിൽ നിന്നും വ്യത്യസ്തമായി പ്രത്യേക അക്കാദമിക് കലണ്ടർ പാലിക്കുന്ന സ്കൂളിലെ വിദ്യാർത്ഥി കൾ നേരിടുന്ന പ്രയാസങ്ങൾ ഒഴിവാക്കാ നായി 2017-18 അധ്യയന വർഷം മുതൽ നിർബന്ധമായും സംസ്ഥാനത്തെ എല്ലാ സ്കൂളുകളും പ്രത്യേക കലണ്ടർ മാറ്റി പൊതു കലണ്ടർ സമയബന്ധിതമായി സ്വീകരിക്കാ നാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ബാലാവകാശ സംരക്ഷണ കമ്മീഷൻ പുറത്തി റക്കിയ റിപ്പോർട്ട് പ്രകാരം നിർദ്ദേശി ക്കുന്നു. മദ്രസ്സ പ്രവർത്തി സമയത്തിൽ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങളൊന്നും കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | കമ്മീഷൻ ഇത്തരമൊരു നിർദ്ദേശം നല്കാനിടയാക്കിയ സാഹചര്യം എന്താണ്; | (ബി) | ഇക്കഴിഞ്ഞ വേനലിൽ കടുത്ത ഉഷ്ണം കാരണം സാധാരണ ജനങ്ങൾ പോലും പകൽ സമയത്ത് പുറത്തിറങ്ങരുതെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി വിലക്കിയ സാഹചര്യത്തിൽ പ്രത്യേക കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുക ളിലെ കുട്ടികൾക്ക് സ്കൂൾ പ്രവർത്തി ദിനങ്ങളാ ണെങ്കിലും കടുത്ത ഉഷ്ണം കാരണം സ്കൂളിൽ ഹാജരാകാനും ക്ലാസ്സ് മുറികളിൽ ഇരിക്കാനും പ്രയാസം നേരിട്ടതിനെ തുടർന്ന് നിരവധി ഹർജികൾ ബാലാവകാശ സംരക്ഷണ |

കമ്മീഷന് ലഭിക്കുകയുകയുണ്ടായി. എന്നാൽ പൊതു കലണ്ടറിൽ നിന്നും വ്യത്യസ്തമായ കലണ്ടർ സ്വീകരിക്കുവാൻ സ്കൂളുകൾക്കുള്ള അവകാശത്തിന്റെ സാധുത ബഹു.കേരളാ ഹൈക്കോടതി PTA Vs Kunhimmu Haji (1997 (1) KLT Page 534) കേസിൽ പുറപ്പെടുവിച്ച വിധിയിൽ ശരിവച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ സർക്കാരിനോ പൊതു വിദ്യാഭ്യാസ വകുപ്പിനോ നിയമപരമായി ഇടപെടുന്നതിന് സാധ്യമല്ല. മേൽ സാഹചര്യത്തിൽ ഇത്തരം സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ വിശദമായി മനസ്സിലാക്കുന്നതിനായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വാഹകരുടെ യോഗം 23/05/2016 തീയതിയും, വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം 08/09/2016 തീയതിയും വിളിച്ച് ചേർക്കുകയുണ്ടായി. കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങളും അവകാശ ലംഘനങ്ങളും മനസ്സിലാക്കിയ സാഹചര്യത്തിലാണ് ബാലവകാശ കമ്മീഷൻ മേൽ നിർദ്ദേശം പുറപ്പെടുവിച്ചത്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സർക്കാരിനും വിദ്യാഭ്യാസ വകുപ്പിനും ഈ വിഷയത്തിൽ നിർബന്ധ പൂർവ്വം ഇടപെടാൻ ഉദ്ദേശ്യമില്ല. പ്രത്യേക കലണ്ടർ പ്രവർത്തിക്കുന്ന 212 സ്കൂളുകളിൽ 48 സ്കൂളുകളിൽ നിന്നും ജനറൽ കലണ്ടറിലേയ്ക്ക് മാറുന്നതിനാവശ്യമായ (2017-18) അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിനകം തന്നെ ഇവയിൽ 27 സ്കൂളുകളെ കലണ്ടർ 2017-18 അധ്യയന വർഷം മുതൽ ജനറൽ കലണ്ടറിലേയ്ക്ക് മാറ്റി പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷ ലഭ്യമായ മറ്റ് സ്കൂളുക ളെയും ഉടൻതന്നെ ജനറൽ കലണ്ടറിലേയ്ക്ക് മാറ്റി ഉത്തരവ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ